"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 – കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.96/2025/Co-Op തീയതി,തിരുവനന്തപുരം, 21-02-2025

---

പരാമർശം:-

1. 23/05/2024 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
2. സഹകരണ സംഘം രജിസ്ട്രാറുടെ 14/06/2024 ലെ പി & എ (5) 4582/2024നം. കത്ത്.
3. സ.ഉ (സാധാ) നം. 327/2024/സഹ തീയതി 29/06/2024
4. സ.ഉ (സാധാ) നം. 57/2024/ധന തീയതി 17/07/2024
5. സ.ഉ (സാധാ) നം. 76/2024/ധന തീയതി 30/08/2024
6. 15/11/2024 ലെ ചീഫ് സെക്രട്ടറിതല യോഗ തീരുമാനം
7. സർക്കുലർ നം 35/2024/ധന തീയതി 12/06/2024
8. സ.ഉ (സാധാ) നം.68/2025/സഹ തീയതി 03/02/2025

**ഉത്തരവ്**

കേരള സംസ്ഥാനസഹകരണ ബാങ്കിന്റെ രൂപീകരണത്തിനും മറ്റുമുള്ള സഹായം എന്ന പദ്ധതി പ്രകാരം 100.00 ലക്ഷം (നൂറ് ലക്ഷം രൂപ മാത്രം) ധനസഹായം 4425-108-25-34-3 (ഓഹരി) ശീർഷകത്തിൽ നിന്നും 2024-2025 സാമ്പത്തിക വർഷം അനുവദിയ്ക്കുന്നത് സംബന്ധിച്ച പ്രപ്പോസൽ 23.05.2024 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. 2023-2024 സാമ്പത്തിക വർഷം കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതി ലഭ്യമായ തുകയിൽ (100.00 ലക്ഷം) ഇനി അനുവദിച്ച് നൽകാൻ ബാക്കിനിൽപ്പുണ്ടായിരുന്ന 80.00 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിക്കുന്നതിന് ഇ ലാംസിൽ പോസ്റ്റ് ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ രൂപീകരണത്തിനും മറ്റുമുള്ള സഹായം പദ്ധതിയ്ക്കായി 2024-2025 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 100.00 ലക്ഷം രൂപയ്ക്ക് (4425-108-25-34-3 (ഓഹരി) ശീർഷകം) ഭരണാനുമതി നൽകണമെന്നും, ഇ ലാംസിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന തുക കഴിച്ച് ബാക്കി നിൽപ്പുള്ള 20.00 ലക്ഷം, രൂപ അനുവദിക്കുന്നതിന് റിലീസ് ഉത്തരവ് നൽകണമെന്നും, ബാക്കി തുകയായ 80.00

ലക്ഷം രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും, 23/05/2024 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ബാങ്കിന്റെ രൂപീകരണത്തിനും മറ്റുമുള്ള സഹായം എന്ന പദ്ധതിയ്ക്കായി 100.00 ലക്ഷം രൂപ ധനസഹായം (നൂറ് ലക്ഷം രൂപ മാത്രം) (4425-108-25-34-3 (ഓഹരി) ശീർഷകത്തിൽ നിന്നും 2024-25സാമ്പത്തിക വർഷത്തിൽ അനുവദിയ്ക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (4, 5) എന്നിവ പ്രകാരം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയ 2024-25 സാമ്പത്തികവർഷത്തെ സഹകരണ വകുപ്പിന്റെ പ്ലാൻ പ്രിയോറിറ്റി ലിസ്റ്റ് 15/11/2024 ൽ കൂടിയ ചീഫ് സെക്രട്ടറിതല കമ്മിറ്റി അംഗീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റ് പ്രകാരം ധനസഹായം അനുവദിക്കുന്നതിന് പരാമർശം (8) പ്രകാരം സമഗ്ര ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും, പരാമർശം (1, 6) യോഗ തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ബാങ്കിന്റെ രൂപീകരണത്തിനും മറ്റുമുള്ള സഹായം എന്ന പദ്ധതിയ്ക്കായി 20.00 ലക്ഷം രൂപ ധനസഹായം (ഇരുപത് ലക്ഷം രൂപ മാത്രം) (4425-108-25-34-3 (ഓഹരി) ശീർഷകത്തിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തിൽ അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പ്രസ്തുത തുക, പരാമർശം (7) പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച്കൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2024-25 സാമ്പത്തിക വർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**AJI PHILIP**

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/74/2024/ധന)
വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 22-02-2025 12:31:28

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്
3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ